ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.08.2026**

## പ്രധാനവാർത്തകൾ

1. **ഗൃഹാതുര സ്മരണകൾ ഉണർത്തി ലോകമെമ്പാടുമുള്ള മലയാളികൾ ഇന്ന് തിരുവോണം ആഘോഷിക്കുന്നു. ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ**

2. **സംസ്ഥാനത്തിൻറെ പേര് ' കേരളം ' എന്ന് പുനർനാമകരണം ചെയ്യുന്ന വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.**

3. **ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി 'ഖേലോ ഇന്ത്യ ഡയലോഗ്' പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അഭിസംബോധന ചെയ്യും.**

4. **രാജ്യത്തെ അസംഘടിത തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന ഇ-ശ്രമം പോർട്ടൽ ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു.**

5. **സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

6. **ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ. പ്രഗ്നാനന്ദ ഗ്രാൻഡ് ചെസ്സ് ടൂർ ഫൈനലിൽ കടന്നു.**

RIU TVPM

•

❁❁❁❁❁❁❁❁❁❁❁❁❁

**ഓണം (ഇൻട്രോ)**

ഗൃഹാതുര സ്മരണകൾ ഉണർത്തി മലയാളിക്ക് ഇന്ന് തിരുവോണം. പൊന്നോണ നിറവിൽ നാടെങ്ങും ആഘോഷങ്ങൾ നടക്കുകയാണ്. ***വിശദാംശങ്ങളിലേക്ക്........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഓണം (വോയിസ്)**

RNU TVPM

ഓണസദ്യയുടെ രുചിഭേദങ്ങൾ ആസ്വദിച്ച് കഴിഞ്ഞാൽ പിന്നെ ഓണക്കളികളാണ് മലയാളിക്ക് പ്രിയം. തിരുവാതിരക്കളി, തുമ്പിതുള്ളൽ, ഓണത്തല്ല് ഉൾപ്പെടെയുള്ള വിവിധ കലാ - കായിക പരിപാടിയുടെ ആവേശത്തിലാണ് ഏവരും. ഓണം വാരാഘോഷത്തിൻറെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ വിവിധ വേദികളിൽ വാദ്യമേളം,ഭരതനാട്യം , സംഗീത പരിപാടികൾ ,സ്റ്റേജ് ഷോകൾ എന്നിവ ഇന്ന് അരങ്ങേറും.

എല്ലാ ജില്ലകളിലും ടൂറിസം വകുപ്പിന്റെയും പ്രാദേശിക ഭരണകൂടങ്ങളുടെയും നേതൃത്വതയിൽ ആഘോഷ പരിപാടികൾ നടക്കുകയാണ്. ഈ മാസം 30 ന്

തിരുവനന്തപുരത്ത് നടക്കുന്ന ഓണം വാരാഘോഷത്തിന്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. മാനവികതയുടെയും സമത്വത്തിൻറേയും ആഘോഷം കൂടിയായ ഓണം മഴയിലും ഒട്ടും പൊലിമ നഷ്ടപെടാതെ വർണ്ണാഭമാക്കുകയാണ് മലയാളികൾ.

***ന്യൂസ് ഡെസ്ക് ആകാശവാണി.......***

❁❁❁❁❁❁❁❁❁❁❁❁❁

**തിരുവോണ ആശംസകൾ**

എല്ലാവർക്കും തിരുവോണ ആശംസകൾ നേർന്ന് പ്രമുഖർ. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ ഓണാശംസകൾ നേർന്നു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മലപ്പുറം - ജില്ലാതല ഓണാഘോഷം**

മലപ്പുറം ജില്ലാതല ഓണാഘോഷം മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി കോട്ടക്കുന്ന് ടൂറിസം പാർക്കിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം നടക്കുന്ന ചടങ്ങിൽ വിവിധ കലാ-സാംസ്കാരിക പരിപാടികൾ

അരങ്ങേറും. മന്ത്രിമാരായ പി.കെ. ബഷീർ, എ. പി. അനിൽകുമാർ, കെ. എം. ഷാജി എന്നിവർ പങ്കെടുക്കും. ഈ മാസം 30 വരെയാണ് പരിപാടി.

❁❁❁❁❁❁❁❁❁❁❁❁❁

## ആറൻമുള -തിരുവോണം

തിരുവോണ നാളിൽ സംസ്ഥാനത്തെ ക്ഷേത്രങ്ങളിലേല്ലാം വൻ ഭക്തജന തിരക്ക്. ശബരിമല സന്നിധാനത്ത് ഇന്ന് ഓണ സദ്യ ഉണ്ടായിരിക്കും. പൂജകൾ പൂർത്തിയാക്കി വെള്ളിയാഴ്ച രാത്രി 10 മണിക്ക് നട അടയ്ക്കും. ആചാര തനിമയിൽ തിരുവോണനാളിൽ സദ്യയ്ക്കുള്ള വിഭവങ്ങളുമായി തിരുവോണത്തോണി പുലർച്ചെ ആറന്മുള ക്ഷേത്രത്തിലെ മധുക്കടവിലെത്തി. വഞ്ചിപ്പാട്ടുപാടി ചടങ്ങുകളോടെയാണ് തിരുവോണത്തോണിയെ സ്വീകരിച്ചത്. ഓണവിഭവങ്ങൾ ക്കൊപ്പം കാട്ടൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ നിന്ന് പകർന്ന ദീപഠ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ മേൽശാന്തിക്ക് നൽകി ശ്രീകോവിനുള്ളിലെ കെടാവിളക്കിലേക്ക് പകർന്നതോടെ തിരുവോണ സദ്യക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. മങ്ങാട്ട് ഭട്ടതിരിക്കൊപ്പം ഓണം ഉണ്ണാൻ ഭഗവാൻ പാർഥസാരഥിയായ കൃഷ്ണനെത്തുമെന്നാണ് വിശ്വാസം. മഴ ശക്തമായിട്ടും നല്ല തിരക്കാണ് ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**ഗുരുവായൂർ (ഇൻട്രോ)**

ഗുരുവായൂർ ക്ഷേത്രത്തിൽ പുണ്യസങ്കേതത്തിലേക്ക് വൻ ജനപ്രവാഹമാണ് അനുഭവപ്പെടുന്നത്. ഭഗവാന് ഓണപ്പുടവ സമർപ്പിക്കുന്നതിനും തിരുവോണ സദ്യയിൽ പങ്കെടുക്കുന്നതിനുമായി പുലർച്ചെ മുതൽ നീണ്ട നിരയാണ് ദൃശ്യമാകുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...........***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**തൃക്കാക്കര തിരുവാമനമൂർത്തി**

എറണാകുളം തൃക്കാക്കര തിരുവാമനമൂർത്തി ക്ഷേത്രത്തിൽ തിരുവോണ മഹോത്സവത്തിന് ഇന്ന് സമാപനമാകും.

രാവിലെ സോപാന സംഗീതത്തോടെ ആരംഭിച്ച ആഘോഷ പരിപാടികളിൽ മഹാബലി എതിരേൽപ്പും

9 ഗജവീരന്മാർ അണിനിരന്ന ശ്രീബലിയും നടന്നു. വൈകുന്നേരം കൊടിയിറക്കലും തിരുആറാട്ടും നടക്കും.

❋❋❋❋❋❋❋❋❋❋❋❋❋

RNUTVPM

## ശിവഗിരി

ശ്രീനാരായണഗുരു ജയന്തി ആഘോഷങ്ങൾക്ക് ഒരുക്കങ്ങൾ പൂർത്തിയായി. ജയന്തിദിന സമ്മേളനം മറ്റെന്നാൾ രാവിലെ 9.30ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃ ഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീ നാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അധ്യക്ഷത വഹിക്കും

❁❁❁❁❁❁❁❁❁❁❁❁❁

## കേരളം - പുനർനാമകരണം

സംസ്ഥാനത്തിൻറെ പേര് ' കേരളം ' എന്ന് പുനർനാമകരണം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ലോക്സഭയിലും രാജ്യസഭയിലും പാസാക്കിയ ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകിയതോടെയാണ് സംസ്ഥാനത്തിൻറെ പേര് കേരളം എന്ന് ഔദ്യോഗികമായി നിലവിൽ വന്നത്. പുതിയ പേരിന് ഇന്നലെ മുതൽ പ്രാബല്യം ഉണ്ടാകും.

RIUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പി എം - ഖേലോ ഇന്ത്യ

ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി മേരാ യുവ ഭാരത് സംഘടിപ്പിക്കുന്ന 'ഖേലോ ഇന്ത്യ ഡയലോഗ്' പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ

അഭിസംബോധന ചെയ്യും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും രണ്ട് കോളേജുകൾ വീതം കേന്ദ്രീകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. കായികം, യുവ നേതൃത്വം, ഉൾപ്പെടെ അഞ്ച് പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് 'യുവ സംവാദ്' നടക്കുക.

❋❋❋❋❋❋❋❋❋❋❋❋❋

**മഴ-കേരളം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം,എറണാകുളം, ഇടുക്കി,കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ എളയാവൂരിൽ ദേശീയപാത 66 -ൻറെ മണ്ണിടിഞ്ഞ ഭാഗം സി. സദാനന്ദൻ മാസ്റ്റർ എം.പി, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ എന്നിവർ സന്ദർശിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ..................***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**ഇ-ശ്രമം പോർട്ടൽ**

രാജ്യത്തെ അസംഘടിത തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന ഇ-ശ്രം പോർട്ടൽ ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു. 2021-ൽ തൊഴിൽ മന്ത്രാലയം ആരംഭിച്ച പോർട്ടലിൽ 31.89 കോടിയിലധികം തൊഴിലാളികളാണ് ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രധാൻ മന്ത്രി

ശ്രം യോഗി മാൻ-ധൻ, സുരക്ഷാ ബീമാ യോജന,

ഒരു രാജ്യം ഒരു റേഷൻ കാർഡ് ഉൾപ്പെടെയുള്ള 15 സാമൂഹിക സുരക്ഷാ-ക്ഷേമ പദ്ധതികളാണ് ഇ-ശ്രം പോർട്ടൽ വഴി ലഭ്യമാകുന്നത്.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഇടുക്കി(ഇൻട്രോ)**

കോടമഞ്ഞിൽ കുളിച്ച് നിൽക്കുന്ന മൂന്നാറിന്റെ മലനിരകൾക്ക് മറ്റൊരു നിറപ്പകിട്ട് കൂടി. പച്ചപ്പിനിടയിൽ പൂത്തുലഞ്ഞ ചെറി ബ്ലോസം പൂക്കൾ സമ്മാനിക്കുന്നത് കണ്ണിന് കുളിർമയേകുന്ന കാഴ്ചയാണ്.

***ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്..............***

***(വോയിസ്)***

## ഗ്രാൻഡ് ചെസ്സ്

ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ. പ്രഗ്നാനന്ദ ഗ്രാൻഡ് ചെസ്സ് ടൂർ ഫൈനലിൽ പ്രവേശിച്ചു. ജർമ്മനിയുടെ വിൻസെന്റ് കീമറെയാണ് പ്രഗ്നാനന്ദ പരാജയപ്പെടുത്തിയത്. കലാശ പോരാട്ടത്തിൽ നിലവിലെ ചാമ്പ്യനായ അമേരിക്കയുടെ ഫാബിയാനോ കരുവാനയാണ് പ്രഗ്നാനന്ദയുടെ എതിരാളി.

RIJU TVPM

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 137-ാംം പതിപ്പ് ഈ മാസം 30-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 28 വരെ പങ്കുവയ്ക്കാം.

## നബി ദിനാഘോഷങ്ങൾ

പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മദിനാഘോഷങ്ങൾ ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും വിശ്വാസികൾ വിപുലമായി ആഘോഷിച്ചു. മദ്റസാ കമ്മിറ്റികളുടെയും ഖാസിമാരുടെയും നേത്രത്ത്വത്തിൽ വൻ ജനപങ്കാളിത്തത്തോടെയുള്ള വിളംബര ജാഥകളും അന്നദാന ചടങ്ങുകളും നടന്നു.

## ഓഹരി

രാജ്യത്തെ ഓഹരിവിപണികളിൽ ചാഞ്ചാട്ടം . സെൻസെക്സ് 95 പോയിന്റ് ഉയർന്ന് 77,751 ലും നിഫ്റ്റി 27 പോയിന്റ് നഷ്ടത്തിൽ 24,308 ലും വ്യാപാരം പുരോഗമിക്കുന്നു .

സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 20,080 രൂപയും ഗ്രാമിന് 15,010 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM